8.	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസേർച്ച് ബോർഡ്	- 0.68	,,
9.	ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	- 46.47	,,
(ബി) 1.	റോഡുകളും പാലങ്ങളും	- 297.00	കോടി രൂപ
2.	കെട്ടിട വിഭാഗം	- 12.02	,,
3.	നാഷണൽ ഹൈവേസ്	- 1.41	,,
4.	ജലസേചനം ഇൻവെസ്റ്റിഗേഷൻ	- ഇല്ല	
5.	ഇറിഗേഷൻ പ്രോജക്ട് ഒന്ന്	- 2.98	,,
6.	ഇറിഗേഷൻ പ്രോജക്ട് രണ്ട്	- 3.93	,,
7.	ഇറിഗേഷൻ പ്രോജക്ട് മൂന്ന്	- 6.75	,,
8.	ഇറിഗേഷൻ ഡിസൈൻ ആന്റ് റിസേർച്ച് ബോർഡ്	- 0.37	,,
9.	ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷൻ	- 29.17	,,

21 (1062) സ്വാഭാവിക റബ്ബറിന്റെ പർച്ചേസ് ടാക്സ്

ശ്രീ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 സാമ്പത്തികവർഷം സ്വാഭാവിക റബ്ബറിന്റെ പർച്ചേസ് ടാക്സിനത്തിൽ എത്ര രൂപ ലഭിച്ചു;

(ബി) എത്ര ടൺ റബ്ബർ വിപണനം ചെയ്തതിലൂടെയാണ് ഈ തുക ലഭിച്ചത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി) കൃത്യമായ വിവരം ശേഖരിച്ചു വരുന്നു.

22 (1063) വിൽപ്പന നികുതി ഏകീകരണംമൂലം മലഞ്ചരക്ക് വിപണിയിൽ നേരിട്ട പ്രശ്നങ്ങൾ ഒഴിവാക്കാൻ നടപടി

ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി ഏകീകരണം മലഞ്ചരക്ക് വിപണിയിലെ വിപണിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരമാർഗ്ഗമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(ബി) കുരുമുളക്, ചുക്ക്, ജാതിക്ക, ജാതിപത്രി, തുടങ്ങിയവയ്ക്ക് ചുമത്തിവരുന്ന 4% നികുതി, ഏകീകരണം കൊണ്ട് 8% ഉയർത്തിയതിനാൽ കള്ളക്കടത്ത് കൂടാനും അതിലൂടെ സർക്കാരിന്റെ നികുതിവരുമാനം കുറയാനും ഇടയാകുമെന്ന വസ്തുത സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) അയൽസംസ്ഥാനമായ തമിഴ് നാട്ടിൽ ഏകീകൃത വിൽപ്പനനികുതി പ്രാബല്യത്തിൽ വന്നിട്ടില്ലാത്തതിനാൽ ഏലക്കായുടെ നികുതിനിരക്കി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള വ്യത്യാസം മൂലം തദ്ദേശീയവ്യാപാരികളെ സംസ്ഥാനത്തെ ഏലയ്ക്കാ ലേലകേന്ദ്രങ്ങളിൽ നിന്നും പിൻതിരിപ്പിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ലേലകേന്ദ്രങ്ങളിൽ വിൽപ്പനയ്ക്കെത്തുന്ന ഏലക്കായുടെ അളവ് ക്രമാതീതമായി കുറയുകയും തമിഴ്നാട്ടിലെ ബോഡി നായ്ത്തൂരിലെ ലേലകേന്ദ്രത്തിൽ വിൽപ്പനയ്ക്കെത്തിയ ഏലക്കായുടെ അളവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ടോ;

(ഇ) നികുതിയിലെ ഈ അന്തരം കൊണ്ട് സംസ്ഥാനത്തെ കർഷകരും വ്യാപാരികളും ഏലക്ക അയൽസംസ്ഥാനത്തേയ്ക്ക് കടത്തിക്കൊണ്ടു പോകുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. ഇതിന് പരിഹാരമായി കുരുമുളക്, ഏലം, അടയ്ക്ക എന്നിവയുടെ നികുതി 8% ൽ നിന്നും 4% ശതമാനമായി കുറച്ചു.

(ബി) കുരുമുളക്, ചുക്ക് (ജാതിപത്രിക ഒഴികെ)യുള്ളവയ്ക്ക് ഇപ്പോഴും 4% ആണ് നികുതിനിരക്ക്. കൂടാതെ 1.1.2000 മുതൽ വിൽപ്പന നികുതിയിന്മേലുള്ള 10% സർചാർജ്ജും പിൻവലിച്ചിട്ടുണ്ട്.

(സി) തമിഴ്നാട്ടിലും വിൽപ്പന നികുതി ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ഏലക്കായ്ക്ക് തമിഴ്നാട്ടിലും ഇവിടെയും ഒരേ നിരക്കാണ് പ്രാബല്യത്തിലുള്ളത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇപ്പോൾ നികുതിനിരക്കിൽ അയൽസംസ്ഥാനങ്ങളുമായി അന്തരമില്ല.

23 (1064) വ്യാജമരുന്നു വിൽപ്പനയും നികുതിവെട്ടിപ്പും തടയുന്നതിന് നടപടി

ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമാനുസൃതമായുള്ള നികുതി നൽകാതെ കുത്തകകമ്പനികൾ പ്രത്യേക ഏജൻസികൾവഴി സംസ്ഥാനത്ത് വ്യാജമരുന്നുകൾ വിതരണം നടത്തിവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ ഇത് സംബന്ധമായി നികുതി വകുപ്പ് എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് അലോപ്പതി, ആയുർവേദ മരുന്നുകൾക്ക് എത്ര ശതമാനം നികുതിയാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്ത് അലോപ്പതി ആയുർവ്വേദ മരുന്നുകളുടെ വിൽപ്പനനികുതിയിനത്തിൽ എന്തു തുകയാണ് ഓരോമാസവും ഖജനാവിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly